പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *534. 24.07.2015 ന് മറുപടിയ്ക്ക്.

## നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്.തോമസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങളിലും ഐ.ടി.ഐ, പോളി ടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലും നൈപുണ്യപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നല്കുമോ ; | (എ) നടപടി സ്വീകരിച്ചു വരുന്നു. തൊഴിൽ രംഗത്ത് ഉയർന്ന നേട്ടം കൈവരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ International Skill Training and Employability Programme – ന്റെ ഭാഗമായി iSTEP ചാപ്റ്ററുകൾ ഐ.റ്റി.ഐ., എഞ്ചിനിയറിംഗ് കോളജ് എന്നിവിടങ്ങളിൽ KASE മുഖേന സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതു വഴി സ്വയം സംരംഭകത്വം വളർത്തുകയും വ്യാവസായിക മേഖലയുമായുള്ള ബന്ധം സ്ഥാപിക്കുകയും ജോലിക്കാവശ്യമായ നൈപുണ്യ പരിശീലനം നൽകുകയുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) നൈപുണ്യ പദ്ധതിയിലൂടെ ഉണ്ടാ യിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ? | (ബി) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ്, കൗശൽകേന്ദ്ര, സെക്യൂരിറ്റി, ഓയിൽ & റിഗ്, തുടങ്ങിയ നൈപുണ്യ പദ്ധതി കളിലൂടെ യുവജനങ്ങൾക്ക് സ്വദേശത്തും വിദേശത്തും ഉയർന്ന ശമ്പളത്തോടെ ജോലി ലഭിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലെൻസിന്റെ ആഭിമുഖ്യത്തിൽ തുടങ്ങിയ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് വഴി നഴ്സുമാർക്ക് വിദേശത്തേക്ക് വേണ്ട രീതിയിലുള്ള പരിശീലനം നൽകുകയും ജോലി സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഗ്രാമങ്ങളിൽ ആരംഭിക്കുന്ന കൗശൽകേന്ദ്ര വഴി യുവജനങ്ങളുടെ അഭിരുചി കണ്ടെത്തുകയും അനു യോജ്യമായ നൈപുണ്യ പരിശീലനം നൽകുവാനും അതോടൊപ്പം ഭാഷാപ്രാവീണ്യം കൈവരിക്ക വാനുമുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. |

(...2...)

ഇതുകാരണം യുവാക്കൾക്ക് നൈപുണ്യ വികസനം സാധ്യമാവുകയും ആഗോളതലത്തിൽതന്നെ ജോലി കിട്ടാവുന്ന തരത്തിൽ അവരുടെ നിലവാരം ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും. ഇതുപോലെയുള്ള നൈപുണ്യ പദ്ധതികളിലൂടെ യുവജനങ്ങളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ ഇല്ലാതാക്കുവാനും ഉയർന്ന ശമ്പളം ഉറപ്പാക്കുവാനും സാധിക്കും.

സെക്ഷൻ ഓഫീസർ